# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:427 10.06.2014 ൽ മറുപടിക്ക്

## പാലക്കാട് കോച്ച് ഫാക്ടറിയുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ. ബാലൻ;<br>,, എം. ചന്ദ്രൻ;<br>,, എം. ഹംസ;<br>,, വി. ചെന്താമരാക്ഷൻ; | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | തറക്കല്ലിട്ട് രണ്ടു വർഷം കഴിഞ്ഞിട്ടും പാലക്കാട് കോച്ച് ഫാക്ടറിയുടെ നിർമ്മാണം ഇപ്പോഴും അനിശ്ചിതത്വത്തിലായെന്ന് വ്യക്തമാക്കുമോ; ഇതിന്റെ നിർമ്മാണപ്രവൃത്തി നടക്കുന്നുണ്ടോ; നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും (ഇ ) യും | ഫാക്ടറി JV/ PPP രീതിയിൽ സ്ഥല വില കൂട്ടാതെ 550 കോടി രൂപ ചെലവിൽ നിർമ്മിക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഭൂമി സംസ്ഥാന സർക്കാർ നല്കിയിട്ടുണ്ട്. ഫാക്ടറി സ്ഥാപിക്കുന്നതിനായി സ്വകാര്യ സംരംഭകനെ കേന്ദ്ര സർക്കാർ തീരുമാനിച്ചതിനുശേഷം മാത്രമേ പദ്ധതി നിർമ്മാണം ആരംഭിക്കാനാവൂ. ഫാക്ടറി നിർമ്മാണത്തിൽ പങ്കാളിയാക്കാൻ SAIL താല്പര്യപത്രം നല്കിയെങ്കിലും റയിൽവേ സ്വകാര്യ സംരംഭകനെ തിരഞ്ഞെടുക്കുന്ന നടപടികൾ സ്വീകരിച്ചു വരികയാണ്. ഫാക്ടറി നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാനായി കേന്ദ്ര സർക്കാരിന്റെ ഏറ്റവും ഉന്നതതലത്തിലുള്ള ശ്രദ്ധ ഇക്കാര്യത്തിൽ |
| (ബി) | പാലക്കാട് കോച്ച് ഫാക്ടറി പ്രഖ്യാപിച്ചതിനുശേഷം മറ്റ് സംസ്ഥാനങ്ങളിൽ പ്രഖ്യാപിച്ച കോച്ച് ഫാക്ടറികൾ ഉദ്ഘാടനം ചെയ്യപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (സി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | | |
| (ഡി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തു തുടർ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ ) | സെയിലുമായിട്ടുള്ള കൂട്ടുസംരംഭത്തിന് റെയിൽവേ അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ? | | ചെലുത്തണമെന്നും വരുന്ന സാമ്പത്തിക വർഷമെങ്കിലും നിർമ്മാണം ആരംഭിക്കാനാവശ്യമായ വകയിരുത്തലുകൾ 2014-15 ലെ റയിൽവേ ബഡ്ജറ്റിൽ വരുത്തണമെന്നും കേന്ദ്ര റയിൽവേ ബഡ്ജറ്റിനു മുന്നോടിയായി 2014-15- ൽ സംസ്ഥാനത്തിന്റെ സമഗ്ര റയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ 2014-15 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ പ്രധാനമന്ത്രിക്കും, കേന്ദ്ര റയിൽവേ മന്ത്രിക്കും നല്കിയ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു. കൂടാതെ ഈ പദ്ധതിയോടൊപ്പം പ്രഖ്യാപിച്ച റായ്ബറേലിയിലെ ഫാക്ടറി പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിൽ പദ്ധതി സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബഹു: മുഖ്യമന്ത്രിയുടെ 30.05.2014 ലെ അർദ്ധ ഔദ്യോഗിക കത്ത് മുഖേന ബഹു: ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു: കേന്ദ്ര റയിൽവേ മന്ത്രിക്കും സമർപ്പിച്ച കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന മെമ്മോറാണ്ടത്തിലും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| | | | വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു.<br>(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണം;<br>(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണം;<br>(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണം;<br>(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.<br>ഇപ്പോൾ റിപ്പയറിംഗിനായി നല്കുന്ന കോച്ചുകൾ തന്നെ മടക്കി ലഭിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ 2014-15 ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന സംസ്ഥാന സർക്കാർ നവംബർ 2013 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും 30.05.2014 ലെ മുഖ്യമന്ത്രിയുടെ 7467/ഡി2/2014/ഗതാ നമ്പർ ഡി.ഒ കത്തുകൾ മുഖേന സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു. കേന്ദ്ര റയിൽവേ മന്ത്രിക്കും നൽകിയ വിശദമായ മെമ്മോറാണ്ടത്തിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ